**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3782** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കണ്ണൂർ ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്ര ക്ലാസുകൾ നിലവിലുണ്ടെന്നും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും എത്ര അദ്ധ്യാപകർ നിലവിലുണ്ടെന്നും അറിയിക്കാമോ; | (എ) | 5-ാം ക്ലാസ് മുതൽ പ്ലസ് ടു ക്ലാസ് വരെ നിലവിലുണ്ട്. ടി സ്കൂളിൽ നിലവിൽ 164 കുട്ടികളും, 31 സ്ഥിരം അദ്ധ്യാപകരും, 2 താത്കാലിക അദ്ധ്യാപകരും ഉണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിൽ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ടി സ്കൂളിൽ എല്ലാ വിദ്യാർത്ഥികൾക്കും ഓൺ ലൈൻ വിദ്യാഭ്യാസം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മുഴുവൻ വിദ്യാർത്ഥികളും കൈറ്റ് വിക്ടേഴ്സ് ക്ലാസുകളിൽ പങ്കെടുക്കുന്നുണ്ട്. സ്റ്റാഫ് കൂട്ടായ്മ, എസ്.പി.സി, പ്രാദേശിക സംഘടനകൾ എന്നിവ വഴി 8 മൊബൈൽ ഫോണുകൾ ഏറ്റവും അർഹരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ ഫോണുകൾ ഇല്ലാത്ത 15 കുട്ടികൾ ഒഴികെയുള്ളവർ അദ്ധ്യാപകർ നൽകുന്ന പിന്തുണാ ക്ലാസിൽ കൃത്യമായി പങ്കെടുക്കുന്നുണ്ട്. ടി 15 വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | 6.74 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്കൂളിൽ ഇപ്പോൾ നടത്തേണ്ട പ്രധാനപ്പെട്ട അടിസ്ഥാനസൗകര്യ പ്രവൃത്തി ഏതാണ്; പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 4 സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ ഇലക്ട്രിക്കൽ വർക്ക്, സ്കൂൾ ക്യാമ്പസ്സിന്റെ ചുറ്റുമതിലിനു മുകളിലുള്ള കമ്പി വേലി, ഔട്ട് ഡോർ ഫിറ്റ്നസ്സ് യൂണിറ്റ് നവീകരണം, കുട്ടികളുടെ പാർക്ക് നിർമ്മാണം എന്നീ പ്രവർത്തികൾ അടിയന്തിരമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സ്ഥാപനത്തിലെ ഹയർ സെക്കണ്ടറി സ്കൂൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ ഇലക്ട്രിക്കൽ വർക്കുകൾ നിർവ്വഹിക്കുന്നതിനായുള്ള 8.72 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ